**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** **24-06-2024 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായ മേഖലയുടെ സമഗ്ര പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ ആരംഭിച്ച രണ്ടാം കയർ പുനഃസംഘടനയുടെ ഫലമായുണ്ടായ ഗുണഫലങ്ങൾ നിലനിർത്തുന്നതിനും കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കയർ ഉൽപന്ന വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കയർ മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും അവരുടെ ജീവിത നിലവാരത്തിനുതകുന്ന തരത്തിലുള്ള സേവന വേതന വ്യവസ്ഥ ഉറപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.കേരളത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ കയർ കോർപറേഷൻ, കയർഫെഡ്, ഫോമിൽ എന്നീ പൊതുമേഖലാസ്ഥാപനങ്ങൾ ചേർന്ന് 14 ജില്ലകളിലേയും തദ്ദേശ സ്ഥാപനങ്ങൾക്ക് കയർ ഭൂവസ്ത്രം വിപണനം ചെയ്തു വരുന്നു. കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ ത്രിതല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥന്മാരിലേക്ക് എത്തിക്കുന്നതിനായി കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലേയും പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ സെമിനാറുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പം കേരളത്തിലെ വിവിധ സർവ്വകലാശാലകൾ, സോയിൽ കൺസർവേഷൻ വകുപ്പ്, കെ. എസ്. ഇ. ബി., മറ്റ് പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. ഇതരസംസ്ഥാനങ്ങളിൽ കയർ ഭൂവസ്ത്രത്തിന്റെ വിപണി കണ്ടെത്തുന്നതിനുള്ള വിവിധ പദ്ധതികൾ സർക്കാർ തലത്തിൽ ആവിഷ്കരിച്ചുവരുന്നു. വടക്ക്, വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിലെ ഭൂപ്രകൃതിക്കനുസൃതമായി കയർ ജിയോടെക്സ്റ്റൈൽസിന്റെ വിവിധ ഉപയോഗ സാധ്യതകൾ പരിശോധിച്ച് അതിനുള്ള വിപണന |

| | | | |
|---|---|---|---|
| | | | സാധ്യതകൾ കണ്ടെത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ കയർ ഡയറക്ടറേറ്റിന്റെയും കയർ കോർപറേഷന്റെയും നേതൃത്വത്തിൽ നടന്നുവരുന്നു. ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന് കേരളത്തിലെ എല്ലാ ജില്ലകളിലും കേരളത്തിന് പുറത്തെ തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിലും ഡിസ്ട്രിബ്യൂട്ടർമാരെ നിയമിക്കുകയും ഇവർ വഴിയും കയർ കോർപറേഷന്റെയും കയർഫെഡിന്റെയും നിലവിലുള്ള ഷോറൂമുകൾ വഴിയും ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നുണ്ട്. സപ്ലൈകോ, കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങളുടെ വിൽപനശാലകൾ വഴിയും വിശാൽമെഗാമാർട്ട്, ഡി-മാർട്ട്, റിലയൻസ് റീടെയിൽ എന്നീ ചെയിൻ സ്റ്റോറുകൾ വഴിയും വിപണനം നടത്തുന്നുണ്ട്. ഇവകൂടാതെ ആമസോൺ, പെപ്പർഫ്രൈ, ഇൻഡ്യമാർട്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയും വിൽപന നടത്തി വരുന്നു. |
| (ബി) | കയർ വ്യവസായവുമായി ബന്ധപ്പെട്ട് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കയർ വ്യവസായവുമായി ബന്ധപ്പെട്ട് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുസ്ഥിരത കൈവരിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി ഉത്പന്ന വൈവിധ്യവത്ക്കരണത്തിനും വിപണനം വ്യാപിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കയർ കോർപ്പറേഷൻ വിപണിക്കാവശ്യമായ നൂതന ഡിസൈനുകളിൽ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന്, പരമ്പരാഗത കയർ തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നു. വിപണന സാധ്യത വിപുലീകരിക്കുന്നതിനായി വാൾമാർട്ട് ഉൾപ്പെടെയുള്ള വാണിജ്യ ശൃംഖലകളുമായി കാരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ ഒഡീഷയിലെ ഒരു അയൺ ഓർ മൈനിംഗ് സ്ഥാപനവുമായി കയർ ഭൂവസ്ത്രവിതാനം ഒരു പൈലറ്റ് പ്രൊജക്ട് ആയി നടപ്പിലാക്കുന്നതിന് കയർ കോർപ്പറേഷൻ ധാരണയാവുകയും പ്രൊജക്ട് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പന്ന വൈവിധ്യവത്കരണത്തിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഭോപ്പാലുമായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ ധാരണാപത്രം ഒപ്പുവെക്കുകയും പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു. കോക്കോഫെർട്ട്, ഇനോക്കുലേറ്റഡ് പിത്ത്, പിത്ത് ബ്രിക്കറ്റ് മുതലായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ കയർഫെഡ് ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നു. കൂടാതെ അമൃത്സർ ഗോൾഡൻ ടെമ്പിൾ, ചെന്നൈ ക്രിക്കറ്റ് അസോസിയേഷൻ എന്നിവർക്ക് കയർഫെഡ് ഉത്പന്നങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ ഉൽപ്പന്നങ്ങളിലൊന്നായ റബ്ബർ ബാക്ക്ഡ് കയർ മാറ്റുകളുടെ ഫ്രാൻസിലേക്കുള്ള കയറ്റുമതി ഓർഡർ ലഭിച്ചിട്ടുണ്ട്.<br><br>യന്ത്ര സാമഗ്രികളുടെ ക്രമാനുഗതമായ പരിഷ്കരണത്തിനും സമയാസമയങ്ങളിലുള്ള അറ്റകുറ്റപ്പണികൾക്കുമായി കേരള സംസ്ഥാന കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനിയെ ചുമതലപ്പെടുത്തുകയും ആയതിലേയ്ക്ക് 4.48 കോടിരൂപയുടെ ഭരണാനുമതി 2024-25 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. |
| (സി) | കയർ മേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. കയർ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെകുറിച്ച് പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി കയർ വികസന ഡയറക്ടർ കൺവീനറായും രാജ്യത്തെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധർ ഉൾപ്പെടെ അംഗങ്ങളായും ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതി സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിലെ ശിപാർശ പരിഗണിച്ച് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിലും കയർഫെഡിലും സംഭരിച്ച കയർ, കയർ ഉൽപ്പന്നങ്ങൾ എന്നിവയുടെ സ്റ്റോക്ക് വിറ്റഴിക്കുന്നതിന് ഡിസ്കൗണ്ട് സ്കീം ആവിഷ്കരിച്ച് സർക്കാരിൽ ശിപാർശ സമർപ്പിക്കുന്നതിനായി ഒരു സ്റ്റോക്ക് ക്ലിയറൻസ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ പ്രകാരമുള്ള തുടർ നടപടിയായി ഗോഡൗണുകളിൽ കാലാകാലങ്ങളായി സംഭരിച്ച് സൂക്ഷിച്ച ഉത്പന്നങ്ങൾ ഡിസ്കൗണ്ടിൽ വിറ്റഴിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സമിതി നിർദേശിച്ച കയർ തൊഴിലാളികളുടെ സെൻസസ് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ